പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1540 **01-07-2026-ൽ മറുപടിയ്ക്ക്**

ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. കല്ലട മാഹിൻ

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. എം. റഹ്മത്തുള്ള

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതലുള്ള ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഓരോ ജില്ലയിലും ഒരു ജില്ലാതല ആശുപത്രിയും ഓരോ താലൂക്കിലും ഒരു താലൂക്ക് ആശുപത്രിയും ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രവും ഓരോ ഗ്രാമപഞ്ചായത്തിലും ഒരു കുടുംബാരോഗ്യ കേന്ദ്രവും വേണമെന്ന് നിഷ്കർഷിക്കുകയും ഇതിനായി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ Standardization Guidelines സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പൊതുജനങ്ങൾ ഏറ്റവും കൂടുതൽ സന്ദർശിക്കുന്നത് ആശുപത്രികളിലെ ഒ.പി വിഭാഗത്തിലാണ്. ആയതിനാൽ ആരോഗ്യ സ്ഥാപനങ്ങളിലെ ഒ.പി വിഭാഗം കൂടുതൽ രോഗീ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 17 ജില്ലാ/ജനറൽ ജില്ലാ ആശുപത്രികളെ ഒ.പി പരിവർത്തനത്തിനായി തെരെഞ്ഞെടുത്തതിൽ 15 എണ്ണവും പൂർത്തിയായിട്ടുള്ളതാണ്. താലൂക്ക് ആശുപത്രികളിലെ ഒ.പി പരിവർത്തനത്തിനായി 43 ആശുപത്രികൾ തെരെഞ്ഞെടുത്തതിൽ 29 സ്ഥാപനങ്ങളിൽ നിർമ്മാണം പൂർത്തിയായി. ഈ സാമ്പത്തിക വർഷത്തിൽ 6 താലൂക്ക് ആശുപത്രികളിൽ കൂടി ഒ.പി പരിവർത്തനം പൂർത്തിയാക്കുന്നതാണ്.

കൂടാതെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി 127 സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും 104 സ്ഥാപനങ്ങളുടെ നിർമ്മാണം പൂർത്തിയാവുകയും ചെയ്തിട്ടുള്ളതാണ്. 885 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 785 എണ്ണത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഈ സാമ്പത്തിക വർഷത്തിൽ 28 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെക്കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി

ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ ശാക്തീകരണത്തിനായി 24 സ്ഥാപനങ്ങളെ തിരഞ്ഞെടുത്തതിൽ 13 സ്ഥാപനങ്ങളിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതാണ്. ഏറ്റവും അത്യാധുനികമായ ചികിത്സാ സൗകര്യങ്ങളും സാധാരണക്കാരായ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് KIIFB ഫണ്ട് ഉപയോഗിച്ച് സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നത്. 74 കിഫ്ബി പ്രൊജക്ടുകളിൽ 13 സ്ഥാപനങ്ങളിൽ നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. 38 സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നു.

കോവിഡ്, നിപ്പ തുടങ്ങിയ സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസന നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

സബ് സെന്ററുകളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി കൂടുതൽ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു.

മെഡിക്കൽ കോളേജുകളിലെ മാനവശേഷി ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. അപ്രകാരം നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിർബന്ധമായും ഉണ്ടാകേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങളിൽ കാലാകാലങ്ങളിൽ പരിഷ്കാരങ്ങൾ വരുന്നുണ്ട്. അതിനനുസരിച്ച് സ്റ്റാഫ് റിക്വയർമെന്റ്സ് മാറുന്നുണ്ട്. അപ്രകാരം നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങളിൽ കാലാകാലങ്ങളിൽ പരിഷ്കാരങ്ങൾ വരുന്നതിനനുസരിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ടെക്നിക്കൽ/അലൈഡ് തസ്തികകളിൽ യോഗ്യരായ ജീവനക്കാരുടെ സേവനം ഉറപ്പാക്കണം എന്ന് മാത്രമാണ് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അപ്രകാരം ഉള്ള തസ്തികകളിലേക്ക് ദിവസവേതന/ താൽക്കാലിക ജീവനക്കാരുടെ സേവനം സ്ഥാപനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ്.

(ബി) പൊതുജനാരോഗ്യ മേഖലയിലെ സൗകര്യങ്ങളുടെ ഗുണനിലവാരം ക്ഷയിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ഇല്ല. നിലവിൽ ജില്ലാ/ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ തുടങ്ങിയ ആരോഗ്യസ്ഥാപനങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ജില്ലാ/ജനറൽ ആശുപത്രികളിൽ ജനസൗഹാർദ്ദ അന്തരീക്ഷം, ഒ പി നവീകരണം, സി ടി സ്കാൻ, അൾട്രാ സൗണ്ട്, ആധുനിക ലാബ്, സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്, മറ്റേർണിറ്റി സേവനങ്ങൾ, ട്രോമ കെയർ, സൂപ്പർ സ്പെഷ്യാലിറ്റികളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നിവ ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാത്ത് ലാബ് സൗകര്യം ഘട്ടം ഘട്ടമായി ആരംഭിക്കുന്നതിനും ലഹരി മോചന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള ഭ്രമിക കേന്ദ്രങ്ങളുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുട്ടികളിലെ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തി ചികിത്സ നല്കുവാനുള്ള District Early Intervention Center - കളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും ക്യാൻസർ

ചികിത്സ, പാലിയേറ്റീവ് കെയർ എന്നിവക്കായി കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

താലൂക്ക് ആശുപത്രികളിൽ ജനസൗഹാർദ്ദ അന്തരീക്ഷം, ഒ പി നവീകരണം, നവജാത ശിശു പരിചരണ വിഭാഗം, മറ്റേർണിറ്റി സേവനങ്ങൾ, ട്രോമ കെയർ, ഡയലിസിസ് സംവിധാനം, അടിസ്ഥാന സ്പെഷ്യലിറ്റികളായ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് വിഭാഗങ്ങളുടെ സേവനം മെച്ചപ്പെടുത്തൽ എന്നിവ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജനസൗഹാർദ്ദ അന്തരീക്ഷം, ഒ പി നവീകരണം, മെച്ചപ്പെട്ട ഭൗതിക സാഹചര്യം, സമഗ്ര പ്രഥമികാരോഗ്യ പരിരക്ഷ മാർഗ്ഗ രേഖകൾ അനുസരിച്ചുള്ള ചികിത്സ, പ്രീ ചെക്ക്, പോസ്റ്റ് ചെക്ക് കൗൺസിലിംഗ് സൗകര്യം, ശ്വാസ്, ആശ്വാസ് പദ്ധതികൾ, ശിശു - മാതൃ വയോജന കൗമാര ആരോഗ്യം, പകർച്ച വ്യാധി പ്രതിരോധം, അർബുദ പ്രതിരോധം, കുഷ്ഠ രോഗനിർണ്ണയം എന്നിവ പൊതുജന പങ്കാളിത്തത്തോടും വിവിധവകുപ്പുകളുടെ ഏകോപനത്തോടും കൂടി നടപ്പിലാക്കി വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ഒ പി സമയം (9am to 6pm) ലഭ്യമാകുന്നു.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് Antenatal Care, Immunization, Child care , adolescent health counseling & screening, Yoga, NCD Screening, disbursement of medicine, vector surveillance and control program, RMNCH, Family Planning, counseling and distribution of contraceptives തുടങ്ങിയ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു.

സെക്ഷൻ ഓഫീസർ